# വിവരാവകാശ നിയമം – 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ

പ്രേഷിതൻ

ബിജുമോൻ.ഡി
ആമ്പാട്ട്, മേലതിൽ
കിഴവൂർ, മുഖത്തല പി.ഒ
കൊല്ലം 691577

സ്വീകർത്താവ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ **(RIA)**
സാമൂഹ്യനീതി വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം: വിവരാവകാശ നിയമം – 2005 പ്രകാരം വിവരം ആവശ്യപ്പെടുന്നത് സംബന്ധിച്ച്.

സൂചന: 16-08-2017 ലെ **Adv.C3/304/17/P&ARD dt. 16-08-2017**-ലെ സർക്കുലർ

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സദയം ക്ഷണിക്കുന്നു. സൂചന പ്രകാരമുള്ള സർക്കുലറിൽ 2018 കലണ്ടർ വർഷത്തെ എല്ലാ പ്രതീക്ഷിത ഒഴിവുകളും 2017 സെപ്റ്റംബർ 1-ന് മുമ്പായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ നിയമന അധികാരികളോടും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

അതിന്റെ അടിസ്ഥാനത്തിൽ വിവരാവകാശ നിയമം-2005 പ്രകാരം താഴെ പറയുന്ന വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

1. അങ്ങയുടെ കീഴിലുള്ള വിവിധ ഓഫീസുകളിലെ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും 2018 ജനുവരി 1 മുതൽ 2018 ഡിസംബർ 31 വരെ എത്ര പേർ വിരമിക്കും? വിരമിക്കുന്നവരുടെ പേര് തസ്തികയുടെ പേര്, വിരമിക്കുന്ന തീയതി എന്നീ വിവരങ്ങൾ ലഭ്യമാക്കുക.

2. അങ്ങയുടെ കീഴിലുള്ള വിവിധ ഓഫീസുകളിലെ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും 2018 ജനുവരി 1 മുതൽ 2018 ഡിസംബർ 31വരെ വിരമിക്കുന്നതുമൂലം എൻട്രികേഡറിൽ ഒഴിവുകൾ ഉണ്ടാകുന്നത് ഏതെല്ലാം ജില്ലകളിലാണെന്നുള്ള ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുക.

3. മേൽ സൂചന സർക്കുലറിനെ നിർദ്ദേശ പ്രകാരം ഈ പ്രതീക്ഷിത ഒഴിവുകൾ മുഴുവൻ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ റിപ്പോർട്ട്ചെയ്ത ഒഴിവകളുടെ എണ്ണവും,തീയതിയും നമ്പരും ലഭ്യമാക്കുക.

മേൽ സൂചന സർക്കുലറിലെ നിർദ്ദേശപ്രകാരം ഈ പ്രതീക്ഷിത ഒഴിവുകൾ, മുഴുവൻ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അത് എന്തു കൊണ്ടാണെന്നുള്ള വിവരം ലഭ്യമാക്കുക.

5. ആലപ്പുഴ ജില്ലയിൽ അങ്ങയുടെ കീഴിലുള്ള വിവിധ ഓഫീസുകളിലെ ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്? ഈ ഒഴിവുകൾ മുഴുവൻ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണവും, തീയതിയും, നമ്പരും ലഭ്യമാക്കുക.

6. എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് പി.എസ്.സി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത് ജില്ലാ തലത്തിൽ ആയതിനാൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ ജില്ലാതല എൽ.ഡി., യു.ഡി, സെലക്ഷൻ ഗ്രേഡ് അനുപാതം നിജപ്പെടുത്തുന്നതിന് അങ്ങയുടെ വകുപ്പിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ നടപടി നമ്പരും, തീയതിയും,ലഭ്യമാക്കുക.

7. അങ്ങയുടെ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികകളുടെ എൽ.ഡി., യു.ഡി., സെലക്ഷൻ ഗ്രേഡ് അനുപാതം ജില്ലാതലത്തിൽ നിജപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആലപ്പുഴ ജില്ലയിലെ അനുപാതം എത്ര വീതം ആണെന്നുള്ള വിവരം ലഭ്യമാക്കുക.

8. ആലപ്പുഴ ജില്ലയിൽ അങ്ങയുടെ കീഴിലുള്ള വിവിധ ഓഫീസുകളിലെ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിറവിൽ എത്ര ഒഴിവുകളുണ്ട്?

9. ഈ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണവും, തീയതിയും, നമ്പരും ലഭ്യമാക്കുക.

10. അങ്ങയുടെ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ അന്തർ ജില്ലാ സ്ഥലമാറ്റം നടത്തുമ്പോൾ ഒരു വർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 10 ശതമാനം നീക്കിവയ്ക്കണമെന്നുള്ള 06/02/2013ലെ GO(P) No.05/2013/P&ARD നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധന പാലിക്കാറുണ്ടോ എന്നുള്ള വിവരം ലഭ്യമാക്കുക.

11. അങ്ങയുടെ വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും . . . . . . . . . . . തീയതി . . . . . . . . . . . . . . . . . . . . . . . . . . . . എന്നയാൾ വിരമിക്കുന്നതുമൂലം എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവ് സൂചന സർക്കുലറിലെ നിർദ്ദേശ പ്രകാരം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത നമ്പരും, തീയതിയും ലഭ്യമാക്കുക.

അപേക്ഷകൻ

25/06/2018
കൊല്ലം

ബിജു ഷേർ. ഡി